# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## രോഗവേദനകളെ കുരിശിലെ യേശുവിനോട് ചേർക്കുക




രോഗത്തിന്റെയും വേദനകളുടെയും ആഴമേറിയ അർത്ഥതലങ്ങൾ മനസ്സിലാക്കുവാനായി കുരിശിലെ യേശുവിനോട് ചേർന്ന്നടക്കണമെന്ന് പാപ്പാ ഫ്രാൻസിസ് വിശ്വാസികളെ അനുസ്മരിപ്പിച്ചു.

ഇരുപത്തിനാലാം ലോകരോഗീദിനത്തോട് അനുബന്ധിച്ച് വ്യാകുലമാതാവിന്റെ ഓർമ്മദിവസമായ സെപ്റ്റംബർ 15-ാം തീയതി, ദിവ്യബലി അർപ്പിച്ചു വചനസന്ദേശം നല്കുക ആയിരുന്നു പാപ്പാ. കുരിശുമായി നമ്മോടു ചേർന്ന് നടക്കുന്ന യേശുവിലുള്ള ആഴമായ വിശ്വാസം, രോഗത്തിന്റെയും വേദനകളുടെയും ആഴമേറിയ അർത്ഥതലങ്ങൾ മനസ്സിലാക്കുവാനായി നമ്മെ സഹായിക്കുമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

കരുണാനിധിയായ യേശുവിന് മറിയത്തെപ്പോലെ സ്വയം സമർപ്പിക്കുക."അവൻ പറയുന്നതുപോലെ ചെയ്യുക" (യോ 2:5) എന്നതാണ്. 2016 ഫെബ്രുവരിയിലെ ലോക രോഗീദിനാചരണത്തിന്റെ മുഖ്യപ്രമേയം. പ്രസ്തുതസന്ദേശത്തിൽ, രോഗം, പ്രത്യേകിച്ചു ഗുരുതരമായ രോഗങ്ങൾ, മനുഷ്യന്റെ ജീവിതാവസ്ഥയെത്തന്നെ വലിയ പ്രതിസന്ധികളിലേക്ക് നയിക്കുന്നുവെന്നും അതോടൊപ്പം ഇതെന്തുകൊണ്ട് എനിക്ക് സംഭവിച്ചു എന്ന ചോദ്യം ആ വ്യക്തിയിൽ ഉണ്ടാകാമെന്നും പാപ്പാ ചൂണ്ടികാട്ടി. ഈ സാഹചര്യങ്ങളിൽ ഒരു വശത്ത് നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടാമെങ്കിലും, മറുവശത്ത് കുരിശിലെ യേശുവിനോട് ചേർന്നുള്ള വിശ്വാസം, രോഗത്തിന്റെയും വേദ നകളുടെയും ആഴമേറിയ അർത്ഥതലങ്ങൾ മനസ്സിലാക്കുവാൻ നമ്മെ സഹായിക്കു മെന്നും പാപ്പാ ഉദ്ബോധിപ്പിച്ചു.